# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 3552 12.05.2017 -ൽ മറുപടിക്ക്

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്ട്രേഷൻ പുതുക്കുന്നതിന് അവസരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആന്റണി ജോൺ | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി) |
| കേരളത്തിലെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത്, സമയത്ത് പുതുക്കാൻ കഴിയാതെ പോയവർക്ക് മുൻകാല പ്രാബല്യത്തിൽ രജിസ്ട്രേഷൻ പുതുക്കുന്നതിന് അവസരം നൽകുമോ;വിശദമാക്കാമോ? | 24.9.2016-ലെ സ.ഉ. (സാധാ) നമ്പർ 1196/16/തൊഴിൽ ഉത്തരവ് പ്രകാരം 1.1.1995 മുതൽ 30.09.2016 വരെയുള്ള കാലയളവിൽ വിവിധ കാരണങ്ങളാൽ രജിസ്ട്രേഷൻ സീനിയോറിറ്റി നഷ്ടപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് അവരുടെ തനത് സീനിയോറിറ്റി നിലനിർത്തിക്കൊണ്ട് എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കുന്നതിന്, 2016 ഒക്ടോബർ 1 മുതൽ 31 വരെ അവസരം നൽകിയിരുന്നു. കൂടാതെ രോഗം, കരുതൽ തടങ്കൽ നിയമം അനുസരിച്ചുള്ള അറസ്റ്റ്, ഉദ്യോഗാർത്ഥിയുടെ താമസ സ്ഥലം ഉൾപ്പെടുന്ന പ്രദേശത്തോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സ്ഥിതി ചെയ്യുന്ന പ്രദേശത്തോ പ്രകൃതി ക്ഷോഭം, വെള്ളപ്പൊക്കം, ഭൂമികുലുക്കം, തീപിടുത്തം, നിശാനിയമ പ്രഖ്യാപനം അല്ലെങ്കിൽ അതു പോലുള്ള നിയന്ത്രണം നടപ്പാക്കൽ എന്നീ കാരണങ്ങളാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ വരുന്നവർക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷ സമർപ്പിച്ചാൽ സീനിയോറിറ്റി പുന:സ്ഥാപിച്ചു നൽകുന്നതിന് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് മാന്വൽ പ്രകാരം വ്യവസ്ഥ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ